പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1580 | 06.03.2020-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി. ഡ്രൈവർ റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നൽകാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.റോജി എം. ജോൺ | ശ്രീ. എ.കെ. ശശീന്ദ്രൻ (ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.യിൽ ഡ്രൈവർമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ടെന്നും പ്രസ്തുത ഒഴിവുകളിൽ എത്ര താല്ക്കാലിക ജീവനക്കാർ ജോലി ചെയ്യുന്നുണ്ടെന്നും വെളിപ്പെടുത്താമോ; | (എ) | നിലവിൽ കെ.എസ്.ആർ.ടി.സി അതിരൂക്ഷമായ സാമ്പത്തിക പ്രതിസന്ധിയിൽ ആയതിനാൽ കെ.എസ്.ആർ.ടി.സി.യെ ക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ സർക്കാർ, കൊൽക്കത്ത, ഐ.ഐ.എം റിട്ടേർഡ് പ്രൊഫസർ സുശീൽ ഖന്നയെ ചുമതലപ്പെടുത്തിയിരുന്നു. ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ആർ.ടി.സി. യിൽ ബസ് ജീവനക്കാരുടെ അനുപാതം ദേശീയ ശരാശരിയിൽ എത്തിക്കാൻ ശുപാർശ ചെയ്തിട്ടുണ്ട്. ആയതിലേയ്ക്ക് കേഡർ സ്ട്രെങ്ത് ക്രമപ്പെടുത്തുന്നതിനുള്ള നടപടികളും വർക്ക് സ്റ്റഡിയും നടന്നു വരികയാണ്. ആയതിനു ശേഷം മാത്രമേ ഡ്രൈവർ തസ്തികയിലെ സ്ട്രെങ്ത് നിർണ്ണയിക്കുവാനും ഒഴിവുകൾ ഉണ്ടോയെന്ന് നിർണ്ണയിക്കാനും നിർവ്വാഹമുള്ളൂ. സ്ഥിരം ഡ്രൈവർമാർ അവധി എടുക്കുന്ന സാഹചര്യങ്ങളിലും മറ്റ് അടിയന്തിര സാഹചര്യങ്ങളിലും ഷെഡ്യൂൾ ക്യാൻസലേഷൻ |

| | | | |
|---|---|---|---|
| | | | ഒഴിവാക്കുന്നതിനുവേണ്ടി ഡ്രൈവർമാർ കൂടുതലുള്ള ഡിപ്പോയിൽ നിന്നും കുറവുള്ള ഡിപ്പോയിലേയ്ക്ക് വർക്കിംഗ് അറേഞ്ചുമെന്റ് വ്യവസ്ഥയിൽ വിന്യസിച്ച് സർവ്വീസുകൾ നടത്തുന്നുണ്ട്. ബഹു.ഹൈക്കോടതിയുടെ അനുമതിയോടുകൂടി ശബരിമല സർവ്വീസ് നടത്തിപ്പിന്റെ പ്രത്യേക സാഹചര്യത്തിൽ പി.എസ്.സി.യിലെ കാലഹരണപ്പെട്ട ലിസ്റ്റിൽ ഉൾപ്പെട്ട ഡ്രൈവർമാരെ നിയോഗിച്ചിട്ടുണ്ടായിരുന്നു. |
| (ബി) | കെ.എസ്.ആർ.ടി.സി. ഡ്രൈവർ തസ്തികയിൽ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; എങ്കിൽ നിലവിലുള്ള ഒഴിവുകളിൽ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (ബി) | കെ.എസ്.ആർ.ടി.സി. ഡ്രൈവർ തസ്തികയിൽ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലില്ല. |

സെക്ഷൻ ഓഫീസർ